"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-12-08-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്-'സഹയാനം -മാലിന്യമുക്ത ഭരണിക്കാവ്' പദ്ധതിയുടെ രണ്ടാം ഘട്ടം- പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1697/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2020-ലെ കത്ത്

2 12-08-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.22-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷം നടപ്പിലാക്കിയ 'സഹയാനം-മാലിന്യ മുക്ത ഭരണിക്കാവ്' പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി നടപ്പ് വർഷം 5,10,460/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അഭ്യർത്ഥിക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് സ്റ്റീൽ പ്ലേറ്റുകൾ, സിറാമിക് പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ, ക്ലീനിംഗ് ഉപകരണങ്ങൾ എന്നിവ വാടകയ്ക്ക് നൽകാനായി വാങ്ങി നൽകി പുനരുപയോഗിക്കാൻ കഴിയാത്ത പാത്രങ്ങളുടെയും പ്ലാസ്റ്റിക്കിന്റെയും ഉപയോഗം കുറക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വിഷയം 12.08.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (2) പ്രകാരം പ്രത്യേക അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 'സഹയാനം-മാലിന്യ മുക്ത ഭരണിക്കാവ്' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE P N
**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.09.22 12:53:57 IST
Reason: Approved
സെക്ഷൻ ഓഫീസർ